(ഡി) മലപ്പുറം ജില്ലയിൽ ഭരണാനുമതി ലഭിച്ച് ടെണ്ടർ ചെയ്ത റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

118 (501) തളിപ്പറമ്പ് - ഇരിട്ടി സ്റ്റേറ്റ് ഹൈവേ

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് - ഇരിട്ടി സ്റ്റേറ്റ് ഹൈവേയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് 18 കിലോമീറ്റർ മുതൽ 20 കിലോ മീറ്റർ നീളം വരെ ഉയർത്തുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) പ്രസ്തുത റോഡിന്റെ 20 കിലോമീറ്റർ മുതൽ 30 കിലോമീറ്റർ വരെ റീ ടാറിംഗിന് നടപടികൾ സ്വീകരിച്ചുവോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ഭാഗം ഉയർത്തുവാനുള്ള നടപടികൾ ഇനിയും നടത്തേണ്ടിയിരിക്കുന്നു.

(സി) ഈ റോഡിന്റെ കി.മീ. 20/0 മുതൽ 30/0 വരെയുള്ള ഭാഗം റീ ടാറിംഗിനായി നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ അടിയന്തിര അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് നടത്തിവരുന്നു.

119 (503) സ്റ്റേറ്റ് ഹൈവേ/നാഷണൽ ഹൈവേ, ബൈപാസ് റോഡുകളുടെ നിർമ്മാണം

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് ഹൈവേ/നാഷണൽ ഹൈവേകളിൽ ഏതെല്ലാം ബൈപാസ് റോഡുകളുടെ നിർമ്മാണമാണ് നടന്നുവരുന്നത്;

(ബി) പ്രസ്തുത ഹൈവേകളിൽ ഓരോന്നും എത്ര കി.മീ. ദൂരം വീതമാണ് നിർമ്മാണം നടക്കുന്നത്;

(സി) ബൈപാസ് റോഡുകളുടെ നിർമ്മാണ ചെലവ് എത്രയാണ്;

(ഡി) ഇവയുടെ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന ഏജൻസികൾ ഏതെല്ലാമാണ്;

(ഇ) ഓരോ ഏജൻസികളിൽനിന്നും ലഭ്യമാക്കാൻ സാധിച്ചിട്ടുള്ള സാമ്പത്തിക സഹായം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) അനുബന്ധത്തിൽ കൊടുക്കുന്നു.†

† അനുബന്ധം 15

LIBRARY ARCHIVES Kerala Legislative Assembly

(ഡി)&(ഇ) ദേശീയ പാതാ വിഭാഗത്തിന്റെ കീഴിൽ ഇപ്പോൾ നടന്നു വരുന്ന ബൈപ്പാസുകളുടെ ചെലവ് പൂർണ്ണമായും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പാണ് വഹിക്കുന്നത്. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

120 (504) റോഡുകളിലെ കുഴികൾ നികത്തുന്നതിനുള്ള നടപടി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസംബർ 31-നകം പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ കുഴികൾ നികത്തുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തു തുക ആവശ്യമായി വരും എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ടാറിന്റെ ലഭ്യതക്കുറവ് തടസ്സപ്പെടുത്തുന്നു എന്നത് സർക്കാരിനറിവുണ്ടോ;

(ഡി) എങ്കിൽ ഈ പ്രശ്നം എങ്ങനെ പരിഹരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എത്രയും പെട്ടെന്ന് റോഡിലെ കുണ്ടും കുഴിയും നികത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഏകദേശം 15 കോടി രൂപയോളം വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി)&(ഡി) ടാറിന്റെ ദൗർലഭ്യം കാരണം ചിലയവസരങ്ങളിൽ പണികൾക്ക് കാലതാമസം നേരിടാറുണ്ടെങ്കിലും ഇത് പണികളെ ബാധിക്കാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ എടുത്തുവരുന്നുണ്ട്.

121 (511) റോഡുകളുടെ വികസനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പുതിയ പദ്ധതികൊണ്ടുള്ള ഉദ്ദേശലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) രണ്ടായിരമാണ്ടിനെ വരവേൽക്കുന്നതിനു മുന്നോടിയായി പൊതുമരാമത്തു വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) 1996-ാമാണ്ടിൽ 9000 കി.മീ. ദൈർഘ്യത്തിലുള്ള രാജപാതകളുടെയും മേജർ ജില്ലാ റോഡുകളുടെയും വികസനത്തിനുവേണ്ടിയുള്ള സാദ്ധ്യത പഠനം നടത്തുകയും അതിൽ 2810 കി.മീ. ദൈർഘ്യം വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - 15

നക്ഷത്രചിഹ്നമിടാത്ത 119 (503)

റോഡിന്റെ പേര്	നിർമ്മാണം നടക്കുന്ന റോഡ് ഭാഗത്തിന്റെ ദൈർഘ്യം (പാലമുൾപ്പെടെ)	പ്രതീക്ഷിക്കുന്ന ചെലവ്
1. തിരുവനന്തപുരം-നെയ്യാറ്റിൻകര സംയുക്ത ബൈപാസ്	12.5 കി.മീ	5188.64 ലക്ഷം രൂപ
2. കൊല്ലം -ബൈപാസ്	1.525 കി.മീ	786.00 ലക്ഷം രൂപ
3. ആലപ്പുഴ ബൈപാസ്	3.55 കി.മീ	327.58 ലക്ഷം രൂപ
4. കോഴിക്കോട് ബൈപാസിൽ ഒന്നാംഘട്ടത്തിൽ 7 കി.മീ റോഡിന്റെയും അറപ്പുര പാലത്തിന്റെ പണിയും	7 കി.മീ	4030.00 ലക്ഷം രൂപ
5. കോതായിക്കുന്ന് ബൈപാസ്	1 കി.മീ	25.00 ലക്ഷം രൂപ
6. വെങ്ങല്ലൂർ -മങ്ങാട്ടുകവല ലിങ്ക് റോഡ്	1 കി.മി	40.00 ലക്ഷം രൂപ
7. ചങ്ങനാശ്ശേരി - ബൈപാസ്സ് (ഒന്നാം ഘട്ടം)	1.25 കി.മീ	86.65 ലക്ഷം രൂപ
8. അനാശ്ശേരി /ബൈപാസ് (രണ്ടാം റീച്ച്)	1.10 കി.മീ	50.98 ലക്ഷം രൂപ
9. കോട്ടയം ചങ്ങാനാശ്ശേരി ബൈയിന്റ് ബൈപാസ്	3.20 കി.മീ	72.89 ലക്ഷം രൂപ
10. കഞ്ഞിക്കുഴി ബൈപാസ്	0.42 കി.മീ	25.56 ലക്ഷം രൂപ
11. ചൊപ്പനടാൽ ബൈപാസ്	6.26 കി.മീ	880.00 ലക്ഷം രൂപ
12. വണ്ടൂർ ബൈപാസ്	1 കി.മീ	58.00 ലക്ഷം രൂപ
13. പാലക്കാട് ബൈപാസ്	3.75 കി.മീ	280.33 ലക്ഷം രൂപ

അനുബന്ധം -16

നക്ഷത്രചിഹ്നമിടാത്ത 520 -ാം നമ്പർ ചോദ്യം കാണുക

1. തിരുവനന്തപുരം

ഇതുവരെ ഒന്നുംകൊടുത്തിട്ടില്ല

2. കൊല്ലം

ഇതുവരെ ഒന്നും കൊടുത്തിട്ടില്ല

3. ആലപ്പുഴ

ഇതുവരെ ഒന്നും കൊടുത്തിട്ടില്ല

4. പത്തനംതിട്ട

1. എം.സി. റോഡിൽ കിമീ 82/935 മുതൽ 84/335 വരെ 40 മി.മി. കനത്തിൽ ബിറ്റുമിൻ കോൺക്രീറ്റ് ചെയ്യുന്നതിന്

2. കെ.പി. റോഡിൽ കി.മീ 34/00 മുതൽ 34/850 വരെ പുനരുദ്ധാരണപണികൾ

5. കോട്ടയം

1. എൽബിഎസ് റോഡ് വീതികൂട്ടൽ പണികൾ

2. സി. ഡബ്ളിയു റോഡ് കി.മീ 16 മുതൽ 17 വരെയുള്ള കേടായ ഭാഗങ്ങൾ ശരിയാക്കുന്നതിന്.

LIBRARY ARCHIVES Kerala Legislative Assembly